# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.623** **09/02/2016-ൽ മറുപടിക്ക്**

## സ്മാർട്ട് സിറ്റി പദ്ധതി

**ചോദ്യം**

ശ്രീ. എം.എ.ബേബി
,, എസ്.ശർമ്മ
,, എ.പ്രദീപ്കുമാർ
,, എം.ഹംസ

**മറുപടി**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | സ്മാർട്ട്സിറ്റി പദ്ധതിയിൽ കരാർ പ്രകാരമുള്ള ഐ.ടി/ഐ.ടി.ഇ.എസ്/ ഐ.ടി പ്രാഥമിക സൗകര്യങ്ങളും തൊഴിൽ അവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ടോ; | (എ) | കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി സംബന്ധിച്ച് സർക്കാരും ടീകോമും തമ്മിൽ 13.05.2007-ൽ ഒപ്പുവച്ച ഫ്രെയിം വർക്ക് എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാരം closing തീയതി മുതൽ 10 വർഷത്തിനകം 8.8 മില്യൺ ച.അടി. നിർമ്മാണ വിസ്തൃതിയോടുകൂടിയ കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതും, 90,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടതാണ്. അതിൽ ആദ്യ ഘട്ടത്തിലെ 6.5 ലക്ഷം ച.അടി. വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഈ കെട്ടിടത്തിൽ പാട്ടത്തിന് നൽകാൻ യോഗ്യമായ 4.5 ലക്ഷം ച.അടി. വിസ്തീർണ്ണത്തിന്റെ 70%-ഓളം വിവിധ കമ്പനികൾക്ക് പാട്ടത്തിന് നൽകിയിട്ടുണ്ട്. ഇങ്ങനെ സ്ഥലം ലഭിച്ച കമ്പനികൾ അവരുടെ fitout ജോലികൾ പൂർത്തീകരിച്ചു വരുന്നു. ഒന്നാം ഘട്ടത്തിലുൾപ്പെടുന്ന അടിസ്ഥാന സൗകര്യങ്ങളായ 3.7 കി.മീ. റോഡ്, പാലം, ഡ്രെയിനേജ്, കേബിളിങ്ങ്, ട്രഞ്ച് എന്നിവയും ഇലക്ട്രിക് സബ്സ്റ്റേഷൻ, സ്വാഗത കമാനം എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ആദ്യ ഐടി കെട്ടിടത്തിൽ ഏകദേശം 5000-ൽപരം ഐടി ജീവനക്കാർക്ക് നേരിട്ട് ജോലി ലഭിക്കും. നേരിട്ട് ലഭിക്കുന്ന തൊഴിലവസരങ്ങളുടെ മൂന്നിരട്ടിയിൽ അധികം നേരിട്ടല്ലാതെയുള്ള തൊഴിലവസരങ്ങൾ ലഭ്യമാകുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | പദ്ധതിയുടെ നിർവ്വഹണ പുരോഗതി ഏറ്റവും ഒടുവിൽ വിലയിരുത്തപ്പെട്ടത് എപ്പോഴാണ്; അതിന്റെയടിസ്ഥാനത്തിലു ള്ള, ലക്ഷ്യവും നേട്ടവും സംബന്ധമായ വിശദാംശം വെളിപ്പെടുത്താമോ; | (ബി) | വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം, ജില്ലാ ഭരണകൂടത്തിന്റെ പങ്കാളിത്തം, എന്നിവ ഉറപ്പാക്കി തടസ്സങ്ങൾ ഒഴിവാക്കി പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ റിവ്യൂ മീറ്റിംഗുകൾ നടത്തി പദ്ധതിയുടെ പുരോഗതി വിലയിരുത്താറുണ്ട്. അവസാനമായി 06/02/2016-ന് ചീഫ് സെക്രട്ടറി ബന്ധപ്പെട്ടവരുടെ മീറ്റിംഗ് വിളിച്ച് ചേർത്തിട്ടുണ്ട്. കൂടാതെ, ഫോർട്ട്കൊച്ചി സബ് കളക്ടറെ സ്മാർട്ട് സിറ്റി പദ്ധതിയുടെ ശേഷിക്കുന്ന ജോലികൾ പൂർത്തീകരിക്കുന്നതിന് മേൽനോട്ടം വഹിക്കുന്നതിനായുള്ള നോഡൽ ഓഫീസർ ആയി നിയമിച്ചിട്ടുണ്ട്. സ്മാർട്ട് സിറ്റിയുടെ ഒന്നാം ഘട്ട പ്രവർത്തനോദ്ഘാടനവും, രണ്ടാം ഘട്ട നിർമ്മാണോദ്ഘാടനവും ത്വരിതപ്പെടുത്തുവാൻ ഇതിനാൽ സാധിച്ചിട്ടുണ്ട്. |
| (സി) | ചട്ടക്കൂട് കരാറിലെ വ്യവസ്ഥകൾ പ്രകാരം നിശ്ചിത സമയത്തിനകം പദ്ധതിയുടെ ലക്ഷ്യങ്ങൾ കൈവരിക്കാൻ സാദ്ധ്യമായിട്ടുണ്ടോ; ഏതെല്ലാം കാര്യങ്ങളിലാണ് വ്യതിയാനം ഉണ്ടായിട്ടുള്ളത്; കരാർ പ്രകാരം 2016 മാർച്ച് ആകുമ്പോൾ എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കേണ്ടതായിരുന്നു; ഇതുവരെ കൈവരിച്ച പുരോഗതി, വികസന പദ്ധതിയുടെ പൂർത്തീകരണത്തിനായി തയ്യാറാക്കിയ കാര്യപരിപാടിക്ക് യോജിച്ച നിലയിലാണോ; | (സി) | കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി സംബന്ധിച്ച് സർക്കാരും ടീകോമും തമ്മിൽ 13.05.2007-ൽ ഒപ്പവച്ച ഫ്രെയിം വർക്ക് എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാരം closing തീയതി മുതൽ 10 വർഷത്തിനകം 8.8 മില്യൺ ച.അടി. നിർമ്മാണ വിസ്തൃതിയോടുകൂടിയ കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതും, 90,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടതാണ്. ആയതിൽ ആദ്യ ഘട്ടത്തിലെ 6.5 ലക്ഷം ച.അടി. വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഈ കെട്ടിടത്തിൽ പാട്ടത്തിന് നൽകാൻ യോഗ്യമായ 4.5 ലക്ഷം ച.അടി. വിസ്തീർണ്ണത്തിന്റെ 70%-ഓളം വിവിധ കമ്പനികൾക്ക് പാട്ടത്തിന് നൽകിയിട്ടുണ്ട്. ഒന്നാം ഘട്ടത്തിലുൾപ്പെടുന്ന അടിസ്ഥാനസൗകര്യങ്ങളായ 3.7 കി.മീ. റോഡ്, പാലം, ഡ്രെയിനേജ്, കേബിളിങ്ങ്, ട്രഞ്ച് എന്നിവയും ഇലക്ട്രിക് സബ്സ്റ്റേഷൻ, സ്വാഗത കമാനം എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ രണ്ടാം ഘട്ടത്തിൽ 45 ലക്ഷം ച. അടി. വിസ്തീർണ്ണമുള്ള ഐ.ടി. സ്പേസ് ഉൾപ്പെടുന്ന കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ തന്നെ ആരംഭിക്കുന്നതാണ്. |
| (ഡി) | പദ്ധതി നടത്തിപ്പ് ദ്രുതഗതിയിലാക്കാൻ സ്വീകരിച്ച നടപടികളുടെ | (ഡി) | കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയുടെ 246 ഏക്കർ മാസ്റ്റർ പ്ലാനിന് സംസ്ഥാന പാരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയുടെ പാരിസ്ഥിതിക അനുമതിയും MOEF |

| | | | |
|---|---|---|---|
| | വിശദാംശം ലഭ്യമാക്കുമോ ? | | ക്ലിയറൻസും ലഭ്യമായിട്ടുണ്ട്. ഇതു കൂടാതെ 246 ഏക്കറിനും പ്രത്യേക സാമ്പത്തിക മേഖലാ പദവി (SEZ) ലഭ്യമായിട്ടുണ്ട്. ബിൽഡിംഗ് പ്ലാനുകൾക്കും മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്കുമുള്ള അംഗീകാരം നൽകുന്നതിനായി സ്മാർട്ട് സിറ്റിക്കുവേണ്ടി ഒരു സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. സ്മാർട്ട് സിറ്റി കൊച്ചി ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡിനെ പവർ ഡിസ്ട്രിബ്യൂഷൻ ലൈസൻസിയായി ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചിട്ടുമുണ്ട്. വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം, ജില്ലാ ഭരണകൂടത്തിന്റെ പങ്കാളിത്തം, എന്നിവ ഉറപ്പാക്കി തടസ്സങ്ങൾ ഒഴിവാക്കി പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ റിവ്യൂ മീറ്റിംഗുകൾ നടത്തി പദ്ധതിയുടെ പുരോഗതി വിലയിരുത്താറുണ്ട്. കൂടാതെ, ഫോർട്ട്കൊച്ചി സബ് കളക്ടറെ സ്മാർട്ട് സിറ്റി പദ്ധതിയുടെ അവശേഷിക്കുന്ന ജോലികൾ പൂർത്തീകരിക്കുന്നതിന് മേൽനോട്ടം വഹിക്കുന്നതിനായുള്ള നോഡൽ ഓഫീസർ ആയി നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ